പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1125 14.06.2012 - ൽ മറുപടിക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന നിയന്ത്രണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) നിത്യോപയോഗ സാധനങ്ങളുടെ വില അനുദിനം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | ബി) വിപണിയിലുണ്ടാകുന്ന വിലവ്യത്യാസം നിയന്ത്രിക്കുന്നതിനായി അരി, തിരഞ്ഞെടുക്കപ്പെട്ട പയറുവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പഞ്ചസാര എന്നീയിനങ്ങൾ സപ്ലൈകോ വിൽപ്പന ശാലകൾ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്. ബി.പി.എൽ/എ.എ.വൈ വിഭാഗങ്ങൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതും എ.പി.എൽ വിഭാഗത്തിൽപ്പെട്ട സബ്സിഡിക്ക് അർഹരായ കുടുംബങ്ങൾക്ക് 2/- രൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നതും പൊതുവിപണിയിലെ വിലനിലവാരം നിയന്ത്രിക്കുന്നതിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. വിൽപ്പന കേന്ദ്രങ്ങളിൽ വിലയും സ്റ്റോക്കും പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമലംഘനം നടത്തുന്നവർക്കെതിരെ അവശ്യസാധന നിയമ പ്രകാരം |

അറസ്റ്റ്/പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള കർശന നടപടികളും സ്വീകരിച്ച് വരുന്നു.

| | |
|---|---|
| സി) ഈ സർക്കാർ അധികാരമേറ്റശേഷം വില നിയന്ത്രണത്തിനായി പൊതുമാർക്കറ്റിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | സി) വില നിയന്ത്രിക്കുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തി. ഇതനുസരിച്ച്;<br>1. പൊതുവിപണിയേക്കാൾ ശരാശരി 50% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ജനങ്ങൾക്ക് വിതരണം ചെയ്യുന്നു.<br>2. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, ബോധന, പച്ചരി) കി.ഗ്രാമിന് 16 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു.<br>3. കൂടുതൽ വിൽപ്പന ശാലകൾ വഴി മിതമായ വിലയ്ക്ക് വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു.<br>4. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു. |

5. ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി റേഷൻ കടകൾ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

6. എ.ആർ.ഡി ശബരി സ്റ്റോറുകൾ, തീരമൈത്രി സൂപ്പർ മാർക്കറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു.

7. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും ശരാശരി 10 ശതമാനം വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് വൻകിട കുത്തക കച്ചവടക്കാരെ MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

8. പൊതു വിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, വെളിച്ചെണ്ണ, കായം, വാളൻപുളി, ഏലം എന്നിവ "ശബരി" എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

9. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു തുടങ്ങിയ ഉത്സവകാലങ്ങളിൽ പ്രത്യേക ഉത്സവകാല ചന്തകൾ സംഘടിപ്പിച്ചു.

10. പച്ചക്കറികൾക്ക് അന്യസംസ്ഥാനങ്ങളിൽ ഉണ്ടായ ദൗർലഭ്യം മൂലം ഉണ്ടായ വില വർദ്ധന നേരിടാൻ സപ്ലൈകോയും ഹോർട്ടികോർപ്പും സംയുക്തമായി പച്ചക്കറി വിൽപ്പന സംഘടിപ്പിച്ചിട്ടുണ്ട്. ഇതനുസരിച്ച് പച്ചക്കറി കുറഞ്ഞ വിലയിൽ ലഭ്യമാക്കി വരുന്നു.

11. വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ മിതമായ വിലയ്ക്കെത്തിക്കാൻ സ്കൂൾ ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

12. എല്ലാ ബി.പി.എൽ കാർഡുടമകൾക്കും കിലോയ്ക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരിയും എ.എ.വൈ കാർഡുടമകൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ 35 കിലോ അരിയും വിതരണം ചെയ്തുവരുന്നു.

13. കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ നടത്താനിടയുള്ള സാഹചര്യങ്ങളെ മുൻകൂട്ടികണ്ട് അതിനെതിരെ കർശന നടപടി സ്വീകരിക്കാൻ സിവിൽ സപ്ലൈസ് വകുപ്പ് ജാഗരൂകമായി പ്രവർത്തിച്ചുവരുന്നു.

| | |
|---|---|
| ഡി) ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിനകം എത്ര രൂപ ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ? | ഡി) 2011-2012 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തുകയുണ്ടായി. കൂടാതെ പ്ലാൻ ഫണ്ടിൽ നിന്നും 68.35 കോടി രൂപകൂടി സപ്ലൈകോയ്ക്ക് നൽകുകയുണ്ടായി. ഈ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. 2012-13 സാമ്പത്തികവർഷത്തേക്ക് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ.